K21U 3669

Reg. No.: ..............................

Name : ..................................

DON BOSCO ARTS AND SCIENCE COLLEGE LIBRARY ANGADIKADAVU

# II Semester B.Com./B.B.A./B.B.A. (T.T.M.)/B.B.A. (R.T.M.)/B.T.T.M./B.B.M. Degree (CBCSS – Supple.) Examination, April 2021
## (2016-2018 Admission)
## COMMON COURSE IN MALAYALAM
## 2A 08 1MAL : ഗദ്യമാതൃകകൾ

Time : 3 Hours Max. Mark : 40

I. **മുന്നൂറ്** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2×7=14)

1) യുദ്ധം ഒന്നിനും പരിഹാരമാർഗമല്ല എന്ന തിരിച്ചറിവ് യുദ്ധത്തിന്റെ പരിണാമങ്ങൾ നമ്മെ പഠിപ്പിക്കുന്നു. മാരാരുടെ യുദ്ധത്തിന്റെ പരിണാമം എന്ന ലേഖനം മുൻനിർത്തി ചർച്ച ചെയ്യുക.

2) നിശബ്ദമാക്കപ്പെട്ട വീട്ടമ്മമാരുടെ സങ്കടപർവത്തിലേക്കു വായനക്കാരെ വിളിച്ച് കൊണ്ടുപോകുന്ന കഥയാണ് 'നെയ്പ്പായസം' വിവരിക്കുക.

3) 'കാസർഗോഡൻ ഗ്രാമങ്ങളിലൂടെ'എന്ന പാഠഭാഗം നൽകുന്ന ജ്ഞാനങ്ങൾ സംഗ്രഹിക്കുക.

4) മലയാളത്തിലെ ഇംഗ്ലീഷ് സ്വാധീനത്തെപ്പറ്റി ഡോ. ജാൻസി ജയിംസിന്റെ അഭിപ്രായങ്ങൾ വിമർശനാത്മകമായി ചർച്ച ചെയ്യുക.

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. (4×3=12)

5) വാസ്തവത്തിൽ ദുര്യോധനനു നാശം വന്നത് അയാൾ അനേകകാലമായി ചെയ്തു വന്ന ദുർവൃത്തികൊണ്ടാണെന്ന കൃപരുടെ വാക്കുകൾ ചർച്ച ചെയ്യുക.

6) നീ ജീവിതത്തിന്റെ ഓരോപടവും കയറി പോയപ്പോൾ ഞങ്ങളെത്ര സന്തോഷിച്ചു. അച്ഛനമ്മമാരുടെ ഇത്തരം സന്തോഷങ്ങൾക്ക് മകൻ തിരിച്ചു നൽകുന്നതെന്ത് ? വിശദീകരിക്കുക.

7) സഞ്ജയന്റെ ഗദ്യ ശൈലിയുടെ ചാരുതയെപ്പറ്റി വിവരിക്കുക.

P.T.O.

8) 'ഒരു പാട്ടിന്റെ ദൂരം' എന്ന കഥയുടെ സമകാലിക പ്രസക്തി ചർച്ച ചെയ്യുക.

9) മലയാളഭാഷയുടെ ലിപി ചരിത്രം വിവരിക്കുക.

10) ഇംഗ്ലീഷ് മലയാള മണിപ്രവാളം വൈകാതെ രൂപപ്പെട്ടുകൂടെന്നില്ല – ഡോ. ജാൻസി ജയിംസിന്റെ പ്രവചനം വിമർശനബുദ്ധ്യാ ചർച്ച ചെയ്യുക.

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. **(4×2=8)**

11) പ്രതികാരം, വീണ്ടും പ്രതികാരം ഇതൊന്നിനും പരിഹാര മാർഗമല്ല എന്ന സത്യം യുദ്ധത്തിന്റെ പരിണാമം എന്ന ലേഖനത്തിലൂടെ മാരാർ വ്യക്തമാക്കുന്നതെങ്ങനെ ? വിവരിക്കുക.

12) കാരൂരിന്റെ 'പൂവമ്പഴം' എന്ന കഥയിലെ അർത്ഥസാധ്യതകൾ വിവരിക്കുക.

13) മണിപ്രവാള സാഹിത്യത്തെപ്പറ്റി ചുരുക്കി വിവരിക്കുക.

14) ആധുനിക കവിത്രയത്തെപ്പറ്റി ചുരുക്കിയെഴുതുക.

15) മലയാളവ്യാകരണ കാര്യങ്ങളിലും ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനം ഉണ്ടാകുന്നു. ഈ അഭിപ്രായത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപാടെന്ത് ?

16) ചെറുകഥാകൃത്തെന്ന നിലയിൽ ടി. പത്മനാഭന്റെ കഥകളുടെ പ്രത്യേകതകൾ വ്യക്തമാക്കുക.

IV. **ഒറ്റ**വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(6×1=6)**

17) മണിപ്രവാളത്തിന്റെ ലക്ഷണമെഴുതുക.

18) 'പക്ഷിയുടെ മണം' എന്ന ചെറുകഥയെഴുതിയതാര് ?

19) 'കല ജീവിതം തന്നെ' എന്നു പ്രഖ്യാപിച്ച നിരൂപകനാര് ?

20) 'കേരളകാളിദാസൻ' എന്ന വിശേഷണത്തിനർഹനായ എഴുത്തുകാരനാര് ?

21) പാട്ടുപ്രസ്ഥാനത്തിലെ പ്രഥമ കൃതിയേത് ?

22) 'മൂഷികവംശം' ആരുടെ രചനയാണ് ?

23) മലയാളം ഉൾപ്പെടുന്ന ഭാഷാഗോത്രമേത് ?

24) 'സഞ്ജയൻ' എന്ന തൂലികാനാമത്തിൽ അറിയപ്പെട്ട എഴുത്തുകാരനാര് ?

---